ഇൻഷുറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടറുടെ നടപടിക്രമം
തിരുവനന്തപുരം - 14

വിഷയം :- ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് - ജീവനക്കാര്യം - 2015 ഏപ്രിൽ, മേയ്, ജൂൺ മാസത്തിലെ പ്രതീക്ഷിത എൽ.ഡി.ക്ലാർക്ക് ഒഴിവുകൾക്ക് തത്തുല്യമായ എണ്ണം സൂപ്പർന്യൂമറി തസ്തികകൾ സൃഷ്ടിച്ചത് - റഗുലർ വേക്കൻസികളിൽ തട്ടി കഴിച്ച് ഇല്ലാതാക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. 21.03.2015-ലെ സ.ഉ.(അ)-13/15/ഉ.ഭ.പ.വ. ഉത്തരവ്.
2. 27.03.2015 ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ്.
3. 03.06.2015-ലെ DV(4)-1241/11(8) KPSC കോഴിക്കോടിന്റെ ശുപാർശ.
4. 06.06.2015-ലെ RI(S)/1578/11(11) KPSC തൃശ്ശൂരിന്റെ ശുപാർശ.
5. 29.05.2015-ലെ ARII(3)1324/II/IX KPSC ആലപ്പുഴയുടെ ശുപാർശ.
6. 08.07.2015-ലെ PTAII(2)444/11-(9) KPSC പത്തനംതിട്ടയുടെ ശുപാർശ.

.................

ഉത്തരവ് നം. ഇ 2-25446/2014/ഡി.ഐ.എം.എസ്. തീയതി - 03.08.2015.

പരാമർശം (1) സർക്കാർ ഉത്തരവനുസരിച്ച് ഈ വകുപ്പിൽ കോഴിക്കോട് ജില്ലയിൽ മൂന്നും തൃശ്ശൂർ ജില്ലയിൽ ഏഴും ആലപ്പുഴ ജില്ലയിൽ ഒന്നും ഹെഡ്ക്വാർട്ടേഴ്സിൽ ഒന്നും എൽ.ഡി.ക്ലാർക്കിന്റെ ഒഴിവുകൾ സൂപ്പർന്യൂമറിയായി സൃഷ്ടിച്ച് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

പ്രസ്തുത തസ്തികകളിലേയ്ക്ക് റഗുലർ വേക്കൻസികൾ ഉണ്ടായമുറയ്ക്ക് യഥാക്രമം പരാമർശം (3) പ്രകാരം കോഴിക്കോട് ജില്ലാ പി.എസ്.സിയിൽ നിന്ന് മൂന്നും, പരാമർശം (4) പ്രകാരം തൃശ്ശൂർ ജില്ലാ പി.എസ്.സി.യിൽ നിന്ന് ഏഴും പരാമർശം (5) പ്രകാരം ആലപ്പുഴ ജില്ല പി.എസ്.സിയിൽ നിന്ന് ഒന്നും പരാമർശം (6) പ്രകാരം ഹെഡ്ക്വാർട്ടേഴ്സ് നിയമനത്തിനായി പത്തനംതിട്ട ജില്ലാ പി.എസ്.സിയിൽ നിന്ന് ഒന്നും ഉദ്യോഗാർത്ഥികളെ എൽ.ഡി.ക്ലാർക്ക് നിയമനത്തിനായി ശുപാർശ ചെയ്യുകയും നിയമനം നൽകുകയും ചെയ്യുകയുണ്ടായി.

മേൽ സാഹചര്യത്തിൽ പരാമർശം (2) ഉത്തരവ് പ്രകാരം ഈ വകുപ്പിൽ സൃഷ്ടിച്ച എൽ.ഡി.ക്ലാർക്കിന്റെ 12 സൂപ്പർന്യൂമറി തസ്തികകളെയും 2015 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ ഉണ്ടായ റഗുലർ വേക്കൻസികളിൽ തട്ടികഴിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.എം.ബീനത്ത്
ഇൻഷുറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ

പകർപ്പ്

1. സെക്രട്ടറി, കെ.പി.എസ്.സി, പട്ടം, തിരുവനന്തപുരം.
2. ജില്ലാ ഓഫീസർ, കെ.പി.എസ്.സി, കോഴിക്കോട്.
3. ജില്ലാ ഓഫീസർ, കെ.പി.എസ്.സി, തൃശ്ശൂർ.
4. ജില്ലാ ഓഫീസർ, കെ.പി.എസ്.സി, ആലപ്പുഴ.
5. ജില്ലാ ഓഫീസർ, കെ.പി.എസ്.സി, പത്തനംതിട്ട.
6. അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം.
7. പ്രിൻസിപ്പൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്, തിരുവനന്തപുരം.
8. പ്രിൻസിപ്പൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-ഡി) വകുപ്പ്, തിരുവനന്തപുരം.
9. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ദക്ഷിണമേഖല, കൊല്ലം/മദ്ധ്യമേഖല, എറണാകുളം/ഉത്തരമേഖല, കോഴിക്കോട്.
10. ഡെപ്യൂട്ടി ഡയറക്ടർ (ആയുർവേദ) / (ഹോമിയോ) തിരുവനന്തപുരം.
11. ഡയറക്ടറുടെ സി.എ / ജോയിന്റ് ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ഫിനാൻസ് ഓഫീസർ/എസ്റ്റാബ്ലിഷ്മെന്റ് സൂപ്രണ്ട്.
12. ഫയൽ/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്